(സി) ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള "വാക്ക് വിത്ത് എ സ്കോളർ" പദ്ധതി ഉൾപ്പെടുന്ന പുതിയ സംരംഭങ്ങൾക്കായി ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയുടെ കീഴിൽ ഒരു പ്രത്യേക ഓഫീസ് പ്രവർത്തിക്കുന്നു. കോളേജ് തലത്തിൽ പദ്ധതിയുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ ഒരു കോ-ഓർഡിനേറ്ററും പ്രവർത്തിക്കുന്നു. ഈ കോ-ഓർഡിനേറ്റർ കോളേജിൽ പ്രവർത്തിക്കുന്ന അദ്ധ്യാപകനും കോളേജ് കൗൺസിലിന്റെ അംഗീകാരത്തോടെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നയാളുമാണ്. ഈ സാമ്പത്തിക വർഷം വാക്ക് വിത്ത് എ സ്കോളർ പദ്ധതിക്കായി പദ്ധതി ശീർഷകത്തിൽ 5 കോടി രൂപ സർക്കാർ വകയിരുത്തിയിട്ടുണ്ട്.

തൃക്കരിപ്പൂർ പോളിടെക്നിക്കിൽ പുതിയ തസ്തികകൾ

98(2965) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ പോളിടെക്നിക്കിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ ; എങ്കിൽ ഏതെല്ലാം തസ്തികകളാണ് സൃഷ്ടിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ ;

(ബി) ഇവിടെ ട്രേഡ് ഇൻസ്ട്രക്ടറുടെ തസ്തിക സൃഷ്ടിക്കുന്നുണ്ടോ ; പ്രസ്തുത തസ്തിക സൃഷ്ടിക്കുന്നത് സംബന്ധിച്ച് എന്നത്തേക്ക് തീരുമാനമാകുമെന്ന് വ്യക്തമാക്കുമോ;

(സി) ഉന്നത വിദ്യാഭ്യാസ വകുപ്പ് എൽ സെക്ഷനിലെ ഇ-349519 നമ്പർ ഫയലിന്റെ നിലവിലുള്ള സ്ഥിതി സംബന്ധിച്ച വിവരങ്ങൾ വിശദമാക്കാമോ ?

ഉത്തരം

(എ-സി) തൃക്കരിപ്പൂർ പോളിടെക്നിക്കിൽ താഴെ പറയുന്ന തസ്തികകൾ സൃഷ്ടിക്കുന്നതിനായി സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച ശിപാർശ ഇ-349519 നമ്പർ ഫയലിൽ സർക്കാർ പരിശോധിച്ചുവരുന്നു. അധിക സാമ്പത്തിക ബാദ്ധ്യത വരുമെന്നതിനാൽ വിശദമായ പരിശോധനയ്ക്കുശേഷമേ അന്തിമ തീരുമാനമെടുക്കാനാകൂ.

ലക്ചറർ ഇൻ ബയോമെഡിക്കൽ എഞ്ചിനീയറിംഗ്	-	2
ഡെമോൺസ്ട്രേറ്റർ	-	1
ട്രേഡ് ഇൻസ്ട്രക്ടർ	-	1
ട്രേഡ്സ്മാൻ	-	1

LIBRARY ARCHIVES Kerala Legislative Assembly